110 (3435) **കൃഷിവകുപ്പിന്റെ കീഴിൽ കൊടുവള്ളി നിയോജക മണ്ഡലത്തിൽ നടപ്പാക്കിയ പരിപാടികൾ**

ശ്രീ. സി. മൊയീൻകുട്ടി : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൃഷിവകുപ്പിന്റെ കീഴിലുള്ള ഏതെല്ലാം പദ്ധതികൾ/പരിപാടികളാണ് 1998-99 വർഷം കൊടുവള്ളി നിയോജക മണ്ഡലത്തിൽ നടപ്പാക്കിയത്;

(ബി) 1999-2000 വർഷം, എന്തൊക്കെ പരിപാടികൾ നടപ്പിലാക്കാനാണുദ്ദേശിക്കുന്നത്;

(സി) വിശദാംശം വെളിപ്പെടുത്തുമോ?

ഉത്തരം

(എ) കൃഷി വകുപ്പിന്റെ കീഴിൽ 1998-99 വർഷം കൊടുവള്ളി നിയോജകമണ്ഡലത്തിൽ നടപ്പാക്കിയ പദ്ധതികൾ താഴെ കൊടുക്കുന്നു.

1) സമഗ്ര തെങ്ങുകൃഷി വികസനംമുഖേന സൗജന്യനിരക്കിൽ വളം വിതരണം, പമ്പുസെറ്റു വിതരണം, സാമൂഹിക ജലസേചനം.

2) സമഗ്ര സുഗന്ധവിള വികസന പദ്ധതി മുഖേന കുരുമുളകു കൃഷി തോട്ടങ്ങളുടെ പുനരുദ്ധാരണം, വിസ്തീർണം വർദ്ധിപ്പിക്കൽ, പ്രദർശനതോട്ടം സ്ഥാപിക്കൽ, ദ്രുതവാട്ടരോഗത്തിനെതിരെ കുമിൾനാശിനി നൽകൽ എന്നിവയും ഇഞ്ചിക്കൃഷി വിസ്തീർണം വർദ്ധിപ്പിക്കൽ, മഞ്ഞൾകൃഷി വിസ്തീർണം വർദ്ധിപ്പിക്കൽ, സബ്സിഡി നിരക്കിൽ മരുന്നുതളിക്കാനുള്ള സ്പ്രെയറുകളുടെ വിതരണം, മണ്ണു സംരക്ഷണം എന്നീ ഘടകങ്ങൾ നടപ്പിലാക്കി.

3) സമഗ്ര കീടരോഗ നിയന്ത്രണ പദ്ധതി.

4) ഡ്രിപ്പ് രീതി ഉപയോഗിച്ചുള്ള ജലസേചനം;

5) ബയോഗ്യാസ് പ്ലാന്റുകളുടെ നിർമ്മാണം.

6) സമഗ്രധാന്യവിള വികസന പദ്ധതി മുഖേന സംയോജിത കീടരോഗ നിയന്ത്രണം, പ്രദർശന തോട്ടങ്ങൾ സ്ഥാപിക്കൽ, ട്രില്ലറുകൾ വിതരണം നടത്തൽ, കർഷകർക്ക് പരിശീലനം.

7) നെൽക്കൃഷിക്ക് സൗജന്യ വൈദ്യുതി

8) വിത്തുൽപ്പാദന പരിപാടി

9) സമഗ്ര പോഷക പരിപാലന പദ്ധതി മുഖേന ജീവാണുവള വിതരണം, മണ്ണിരകമ്പോസ്റ്റ് നിർമ്മിക്കുന്നതിനുള്ള ധനസഹായം

10) കൃഷിയിൽ പൊതുജന പങ്കാളിത്തം

11) പ്രകൃതിക്ഷോഭ ദുരിതാശ്വാസം

12) സൗജന്യ മണ്ണു പരിശോധന

13) കശുമാവ് കൃഷി വികസനം

LIBRARY ARCHIVES Kerala Legislative Assembly

14) സമഗ്ര പച്ചക്കറി വികസനം മുഖേന സ്കൂളുകളിൽ പച്ചക്കറിത്തോട്ടം, പമ്പുസെറ്റു നൽകൽ, ഹരിത സംഘങ്ങളിലൂടെ പച്ചക്കറിക്കൃഷി.

15) ഓണം പച്ചക്കറി ചന്ത.

(ബി)&(സി) 1999-2000 വർഷത്തെ പദ്ധതികൾക്ക് അന്തിമരൂപം നൽകി വരുന്നതേയുള്ളൂ.

111 (3436) ഐരാപുരത്തെ ജയഗോകിൽ ട്രസ്റ്റ്

ശ്രീ. എം.പി. വർഗ്ഗീസ് : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുന്നത്തുനാട് നിയോജകമണ്ഡലത്തിൽ ഐരാപുരം വില്ലേജിന്റെ പരിധിയിൽ ഐരാപുരത്തെ ജയഗോകിൽ ട്രസ്റ്റിന്റെ പേരിൽ വാങ്ങിയ ഭൂമിയിൽ നാമമാത്രമായി മാത്രമേ കൃഷിയിറക്കുന്നുള്ളൂ എന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത ഭൂമിയിൽ കൃഷി ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) കൃഷിവകുപ്പ് സ്വകാര്യഭൂമിയിൽ കൃഷി ചെയ്യുന്നതിനുള്ള പരിപാടികളൊന്നും ഇപ്പോൾ നടപ്പിലാക്കുന്നില്ല.

112 (3437) കണ്ണൂർ-കാസർഗോഡ് ജില്ലയിൽ കശുമാവിനുണ്ടായ നാശം

ശ്രീ. എം. നാരായണൻ (ഹോസ്ദുർഗ്ഗ്) : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ, കാസർഗോഡ് ജില്ലയിൽ വ്യാപകമായി കശുമാവ് നശിച്ച വിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ കശുമാവ് നശിച്ച കർഷകരെ സഹായിക്കാൻ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ;

(സി) എങ്കിൽ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(ഡി) വ്യാപകമായി കശുമാവ് നശിച്ച കൃഷിക്കാർക്ക് നഷ്ടപരിഹാരം നൽകാൻ ഉദ്ദേശിക്കുണ്ടോ;

(ഇ) എങ്കിൽ എന്തെല്ലാം സഹായങ്ങളാണ് നൽകുവാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഈ ജില്ലകളിൽ കശുമാവിന്റെ ഇളം തണ്ടുകളും പൂങ്കുലകളും ഉണങ്ങി, കശുവണ്ടി ഉൽപ്പാദനം കുറയുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly